**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5538** **15-03-2023 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകരുടെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീമതി ജെ ചിഞ്ചുറാണി**<br>**(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കന്നുകാലികളുടെ രോഗബാധയും അതുമൂലമുള്ള വരുമാനനഷ്ടവും ക്ഷീര കർഷകരെ പ്രതിസന്ധിയിലാക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | കന്നുകാലികളുടെ രോഗബാധയും അതുമൂലമുള്ള വരുമാനനഷ്ടവും ക്ഷീര കർഷകരെ പ്രതിസന്ധിയിലാക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ട്.<br><br>കന്നുകാലികളിൽ ഏതെങ്കിലും തരത്തിലുള്ള പകർച്ചവ്യാധികൾ ഉണ്ടായാൽ ആയത് നിയന്ത്രിക്കുന്നതിനുവേണ്ടി മൃഗസംരക്ഷണ വകുപ്പ് എല്ലാ നടപടികളും ചെയ്യുന്നുണ്ട്. രോഗബാധ ഉണ്ടായാൽ ഉടൻ തന്നെ ഡിസീസ ഇൻവെസ്റ്റിഗേഷൻ ടീം പ്രസ്തുത പ്രദേശം സന്ദർശിച്ച് ആവശ്യമായ മുൻകരുതലുകളും പ്രതിരോധ നടപടികളും സ്വീകരിച്ചു വരുന്നു. ഇതിന് നേതൃത്വം നൽകുന്നത് വകുപ്പിന്റെ കീഴിര പാലോട് ഉള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസ് ലാബ് ആണ്. രോഗം ബാധിച്ച കന്നുകാലികൾക്ക് ആവശ്യമായ ചികിത്സ, വകു മൃഗാശുപത്രികൾ മുഖേന നൽകിവരുന്നു. നിലവിൽ പന്നിപ്പനി, പക്ഷിപ്പനി, ചർമ്മമുഴ എന്നീ രോഗങ്ങൾ നിയന്ത്രണ വിധേയമാണ്. പന്നിപ്പനി മൂലം നഷ്ടമുണ്ടായ കർഷകർക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നു. അന്യസംസ്ഥാനത്ത് നിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന പക്ഷിമൃഗാദികളെ പരിശോധിക്കാനുള്ള സംവിധാനം ചെക്ക് പോസ്റ്റുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ഇതുകൂടാതെ പ്രതിരോധ കുത്തിവെയ്പുകൾ നിലവിലുള്ള കുളമ്പ് രോഗം, ചർമ്മമുഴ, ആട് വസന്ത തുടങ്ങിയ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ വകുപ്പ് നടത്തുന്നുണ്ട് പ്രതിരോധ കുത്തിവെപ്പിന് ആവശ്യമായ |

| | | | |
|---|---|---|---|
| | | | വാക്സിനുകൾ പാലോട് വെറ്റിനറി ബയോളജിക്കൽസിൽ ഉത്പാദിപ്പിക്കുന്നുണ്ട് |
| (ബി) | ക്ഷീര കർഷകർക്ക് വരുമാനം ഉറപ്പാക്കുന്നതിനായി അവരെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നാളിതുവരെ നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | ഡയറി ഫാമിംഗ് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്രസർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകിയിരുന്നു എന്നാൽ ആയതിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല. എന്നിരുന്നാലും കന്നുകാലി വളർത്തലുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതി മുഖേന ഏറ്റെടുക്കാൻ കഴിയുന്ന നിരവധി ഉത്പാദനക്ഷമവും പൊതുജനോപകാരപ്രദവുമായ പദ്ധതികൾ ഉണ്ട്<br><br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണവകുപ്പ് മുഖേന, ക്ഷീര മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തെ ഒട്ടുമിക്ക പഞ്ചായത്തുകളിലും നടപ്പിലാക്കി വരുന്നുണ്ട്. തീറ്റപ്പുൽകൃഷി, തൊഴുത്ത് നിർമ്മാണം, അസോള ടാങ്ക് നിർമ്മാണം എന്നീ പദ്ധതികളാണ് നിലവിൽ ഇത്തരത്തിൽ ചെയ്തു വരുന്നത്.<br><br>തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ക്ഷീര കർഷകരെ നഗരസഭകൾ വഴി നടപ്പാക്കുന്ന അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളാക്കി ഉത്തരവായിട്ടുണ്ട്. ഇതു പ്രകാരം സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗത്തിൽപ്പെട്ടതും രണ്ടോ അതിലധികമോ കറവയുള്ള പശുക്കളെ വളർത്തി പരിപാലിച്ചു പോരുന്നതുമായി ക്ഷീര കർഷകർക്ക് പശുപരിപാലനത്തിന് ചുവടെ ചേർക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ 10 ലിറ്ററിൽ കുറയാതെയുള്ള പാൽ ക്ഷീരസഹകരണ സംഘത്തിന് നൽകിയ ദിവസങ്ങളിൽ മാത്രം ഒരു ദിവസത്തെ വേതനം (നിലവിൽ 311/- രൂപ) അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദിച്ചു നൽകുന്നുണ്ട്.<br><br>1. അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിൽ ഉൾപ്പെടുത്തി വേതനം നൽകുന്ന ദിവസങ്ങളിൽ പശുക്കളെ വളർത്തുന്നു എന്ന വെറ്റിനറി സർജ്ജന്റെ സാക്ഷ്യപത്രം<br><br>2. പശുക്കളുടെ ഇൻഷൂറൻസ് സർട്ടിഫിക്കറ്റ്<br><br>3. ക്ഷീര കർഷക സഹകരമ സംഘത്തിന്റെ പാസ് ബുക്ക് |

| | | | |
|---|---|---|---|
| | | | പരമാവധി 100 ദിവസത്തെ വേതനമാണ് ഇപ്രകാരം ഒരു കുടുംബത്തിന് അനുവദിച്ച നൽകുന്നത്. |

സെക്ഷൻ ഓഫീസർ